പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1854 22/03/2012-ൽ മറുപടിക്ക്

## പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു.കുരുവിള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; | (എ) 18.5.2011 മുതൽ 31.1.2012വരെ ആകെ 40,054 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) എത്ര പരീക്ഷകൾ നടത്തിയെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കാമോ ; | (ബി) 143 പരീക്ഷകൾ നടത്തി. 24,452 പേർക്ക് നിയമന ശിപാർശ നൽകി. |
| (സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി)+(ഡി) ഉണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിലെ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| (ഇ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഇ) ഇതുവരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ